# അയർക്കുന്നം ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ നടപടിക്രമം

## (ഹാജർ- വിജയൻ എം)

ഓഫീസ് ഉത്തരവ് 63/2026 തീയതി 03/08/2026

കോട്ടയം ജില്ലയിൽ തുടർച്ചയായി പെയ്യുന്ന മഴമൂലം മീനച്ചിലാർ കരകവിഞ്ഞ് ഒഴുകകയും അയർക്കുന്നം ഗ്രാമ പഞ്ചായത്തിലെ താഴ്ന്ന പ്രദേശങ്ങൾ വെള്ളപ്പൊക്ക ബാധിതമാവുകയും ചെയ്തിരിക്കുന്നു. തൻമൂലം അയർക്കുന്നം ഗ്രാമ പഞ്ചായത്തിലെ 6 ദുരിതാശ്വാസ ക്യാമ്പുകൾ ആരംഭിച്ചിട്ടുള്ളതുമാകുന്നു. ഈ സാഹചര്യത്തിൽ ക്യാമ്പുകൾ കുറ്റമറ്റ രീതിയിൽ നടത്തുന്നതിനും ദുരിതാശ്വാസ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുമായി ജീവനക്കാർ മുഴുവന് സമയവും പ്രവർത്തന സജ്ജമാകേണ്ടതാണ്. ആയതിനാൽ ജീവനക്കാർക്ക് ചുവടെ ചേർക്കും പ്രകാരം ചുമതല നല്കി ഉത്തരവാകുന്നു.

ഓരോ ക്യാമ്പിലേയും കുടുംബങ്ങളുടെ വിവരം, ശുചിത്വം, ജലവിതരണം, ഭക്ഷണ സാധനങ്ങളുടെ വിതരണം എന്നിവ സംബന്ധിച്ച സ്ഥിതി വിവരങ്ങൾ ശേഖരിച്ച് ചാർജ് ഓഫീസർ ശ്രീമതി. വിജിമോൾ വി എസ്, അസിസ്റ്റൻറ് സെക്രട്ടറിക്ക് കൈമാറുന്നതിനുമായി ചുവടെ ചേർക്കും പ്രകാരം ജീവനക്കാരെ ചുമതലപ്പെടുത്തുന്നു.

1. അയർക്കുന്നം ജി എൽ പി എസ്- ജിൻറോമോൾ, സീനിയർ ക്ലർക്ക്
2. സെൻറ് ജോസഫ് എൽ പി എസ് വെള്ളാപ്പള്ളി- അഞ്ജന, പ്രോജക്ട് അസിസ്റ്റൻറ്
3. ST. MERY'S ചർച്ച് ഓഡിറ്റോറിയം നീറിക്കാട് - വൃന്ദ ആർ നായർ, VBGRAMG
4. ST. മേരിസ് മലങ്കര സിറിയന് കാത്തലിക് ചർച്ച്- ആശാമോൾ, ക്ലർക്ക്
5. തിരുവഞ്ചൂർ ഗവ. എൽ പി എസ്- രഹന, സാക്ഷരത പ്രേരക്
6. ആറുമാനൂർ ഗവ. യു പി സ്കൂൾ- അമിത്, VBGRAMG

ടി ജീവനക്കാർ കൈമാറുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ ചാർജ് ഓഫീസർ ആവശ്യമായ ക്രമീകരണങ്ങൾ ചെയ്യുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. സെക്രട്ടറി, ചാർജ് ഓഫീസർ എന്നിവർ നിർദ്ദേശിക്കും പ്രകാരം ക്യാമ്പുകളിൽ ആവശ്യമായ സേവനങ്ങൾ എത്തിക്കുന്നതിനും 24 മണിക്കൂറും കണ്ട്രോൾ റൂം പ്രവർത്തിപ്പിക്കുന്നതിനുമായി താഴെ പറയും പ്രകാരം ജീവനക്കാർക്ക് നൈറ്റ് ഡ്യൂട്ടി നല്കിക്കൊണ്ടും ഉത്തരവാകുന്നു.

| ക്രമ നം | ജീവനക്കാരുടെ പേര് | ഡ്രൈവർ | നൈറ്റ് ഡ്യൂട്ടി ദിവസം |
|---|---|---|---|
| 1 | പ്രദീപ് പി , ജൂനിയർസൂപ്രണ്ട് | ജോബിൻകെ ജോസഫ്- HKS | തിങ്കൾ |
| 2 | വിപിൻദാസ്- T A, ശ്രീകുമാർ കേശവൻ - അക്കൌണ്ടൻറ് | ജൻസണ് ജോസഫ് | ചൊവ്വ |
| 3 | രാജീവ് കെ ആർ-സീനിയർ ക്ലർക്ക്, സന്ദീപ് VBG RAM G | സ്റ്റീഫൻ ഫിലിപ്പ് | ബുധൻ |
| 4 | ലാല്യ വി ആർ- സീനിയർ ക്ലർക്ക്, ബിനു റ്റി ജി -FTS | ജോബിൻതോമസ്- HKS | വ്യാഴം |
| 5 | മനു എം എസ് സീനിയർ ക്ലർക്ക്, ബേസിൽ ജോയ് FTS | ജൻസണ് ജോസഫ് | വെള്ളി |
| 6 | അനിൽകുമാർ VEO, അനിൽകുമാർ ഒ എ | സ്റ്റീഫൻ ഫിലിപ്പ് | ശനി |
| 7 | പ്രദീപ് പി ജൂനിയർ സൂപ്രണ്ട്, അമിത് ഓവർസീയർ | ജോബിൻകെ ജോസഫ്- HKS | ഞായർ |

എല്ലാ ദിവസവും പകൽ ഡ്യൂട്ടിക്ക് 9.30 മുതൽ 5 മണിവരെ LID & EW വാഹന ഡ്രൈവർ ശ്രീ ഷിബിൻ എന്നവർ ദുരിതാശ്വാസ പ്രവർത്തനവുമായി ബന്ധപ്പെട്ട് പഞ്ചായത്തിൽ നിന്നും നിർദ്ദേശിക്കുന്നമുറയ്ക്ക് വാഹനം ലഭ്യമാക്കി ഡ്യൂട്ടി നിർവ്വഹിക്കേണ്ടതാണ്.

ദുരിതാശ്വാസ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട മുഴുവൻ വിവര ശേഖരണം നടത്തുകയും ബന്ധപ്പെട്ട ആഫീസുകളിലേക്കും, പോർട്ടലുകളിലും കത്തിടപാടുകളും അപ്ഡേഷൻ നടത്തുന്നതിനും ചെലവുകളുമായി ബന്ധപ്പെട്ട രേഖകളുടെ സൂക്ഷിപ്പും വിതരണം ചെയ്യുന്ന സാധന സാമഗ്രികളുടെ രസീത് സൂക്ഷിപ്പ്, ചെലവ് ക്ലെയിം തയ്യാറാക്കൽ എന്നിവ സമയബന്ധിതമായി ചെയ്യുന്നതിനും ദുരന്ത നിവാരണ സെക്ഷൻ ചുമതല വഹിക്കുന്ന ശ്രീമതി മഞ്ജു സി കെ നടപടി സ്വീകരിക്കേണ്ടതാണ്.

മുകളിൽ പ്രസ്താവിച്ച ദുരന്ത നിവാരണവുമായി ബന്ധപ്പെട്ട മുഴുവൻ പ്രവർത്തനങ്ങളുടെയും ഏകോപനവും നടത്തിപ്പും മോണിറ്ററിങ്ങും നടത്തി സമയ ബന്ധിതമായി അസിസ്റ്റൻറ് സെക്രട്ടറി ശ്രീമതി വിജിമോൾ വി എസ് നിർവ്വഹിക്കേണ്ടതും ആയത് എല്ലാ ദിവസവും സെക്രട്ടറിക്ക് റിപ്പോർട്ട് നല്കേണ്ടതുമാണ്.

(ഒപ്പ്)

സെക്രട്ടറി